"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഗതാഗത വകുപ്പ് - '**Construction of a new bus terminal and associated facilities at the existing garage of KSRTC depot, Kollam**' എന്ന പ്രവൃത്തിയ്ക്ക് **15** കോടി രൂപയുടെ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഗതാഗത (എ) വകുപ്പ്**

സ.ഉ.(സാധാ) നം.314/2025/TRANS തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:- ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യുടെ **29.03.2025**-ലെ **S001-AB04/61/2024-CIVIL-KSRTC-HQ** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന് '**Construction of a new bus terminal and associated facilities at the existing garage of KSRTC depot, Kollam**' എന്ന പ്രവൃത്തി **2025-2026** ബഡ്ജറ്റിൽ ഉൾപ്പെടുത്തി നിർവ്വഹിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി പി.ഡബ്ല്യൂ.ഡി.യിൽ നിന്നും **15** കോടി രൂപയുടെ എസ്റ്റിമേറ്റ് തയാറാക്കി നൽകിയിട്ടുണ്ടെന്നും ടി പ്രവൃത്തിക്ക് **10** കോടി (**Work AppendixVOL II page.No.14, Sl No. 202**) രൂപയും എം.എൽ.എ. ഫണ്ടിൽ നിന്ന് **5** കോടി രൂപയും വകയിരുത്തിയിട്ടുള്ളതാണെന്നും അതിനാൽ ടി പ്രവൃത്തി പി.ഡബ്ല്യൂ.ഡി മുഖേന നിർവ്വഹിക്കുന്നതിന് **15** കോടി രൂപയുടെ ഭരണാനുമതി പൊതുമരാമത്തു വകുപ്പിന് ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം **(1)** പ്രകാരം ചെയർമാൻ **&** മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ നവീകരണത്തിനായി വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം (മരാമത്തുപണികളുടെ വിശദ വിവരങ്ങൾ) വാല്യം **II**-ലെ ക്രമനം.**202**-ൽ "**5054-80-800-66**" എന്ന ശീർഷകത്തിൽ (അടങ്കൽ തുക: **1000** ലക്ഷം വകയിരുത്തുന്ന തുക:**2** കോടി) വകയിരുത്തിയിട്ടുണ്ട്. **Work Appendix** രണ്ടാം വാല്യത്തിലെ പ്രവർത്തികൾക്കാവശ്യമായ ലംസം വിഹിതം **5054-80-800-66** എന്ന ശീർഷകത്തിലാണ് വകയിരുത്തിയിരിക്കുന്നതെങ്കിലും ഇരുപത് ശതമാനം

തുക നീക്കി വച്ചിട്ടുള്ള പ്രവൃത്തികൾക്ക് അതത് വകുപ്പുകളുടെ ബന്ധപ്പെട്ട ശീർഷകത്തിൻ കീഴിൽ ധനവകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ് .

മേൽ പ്രകാരം, '**Construction of a new bus terminal and associated facilities at the existing garage of KSRTC depot, Kollam**' എന്ന പ്രവൃത്തി കൊല്ലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും **5** കോടി രൂപയും, കെ.എസ്.ആർ.ടി.സി.യുടെ പ്ലാൻ ഫണ്ട് ശീർഷകമായ **Development of Infrastructure and Modernization of Depots&Workshops (5055-00-190-99(01)** നിന്നും **10** കോടി രൂപയും ചേർന്ന് ആകെ **15** കോടി രൂപയ്ക്ക്, ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, പൊതു മരാമത്ത് വകുപ്പിന്റെ ഡെപ്പോസിറ്റ് വർക്കായി നിർവ്വഹിക്കുന്നതിന് സിഎംഡി, കെ.എസ്.ആർ.ടി.സി യെ ചുമതലപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

a. **Government approved agencies may be entrusted for carrying out detailed soil investigation complying with prevailing Government orders and detailed structural design shall be carried out by Government Engineering Colleges / PWD DRIQ board. The structural adequacy and structural stability shall be ensured before issuing the Technical Sanction considering economy.**

b. **As per the Master Plan, it is observed that, the entry and exit point of the new bus terminal is proposed at an intersection where four roads are converging. Hence, it is opined that, the Client Department shall conduct traffic studies to finalize the entry and exit to the terminal which will avoid the possible traffic congestion due to the movement of vehicles.**

c. **The Client Department shall ensure that the characteristics of final treated effluents disposed shall confirm with the permissible limits fixed by KPCB.**

d. **The estimate provisions prepared for Effluent Treatment Plant shall be vetted through the Environmental Engineer, Kerala State Pollution Control Board and experts from Suchitwa Mission Kerala for ensuring the Technical requirements required for the successful commissioning of the component before issuing Technical Sanction.**

e. **Since, lump sum provisions are provided for Electronics and Electrification works, detailed estimate for the same shall be prepared before issuing Technical Sanction.**

f. **The correctness of the rates adopted for observed data's included in the estimates shall be ensured by the TS authority.**

g. **Technical Sanction shall be issued by the competent authority after ensuring the admissibility of provisions included in the estimate with the site conditions before issuing the Technical Sanction.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ശ്രീ. എം. മുകേഷ് എം.എൽ.എ. (കൊല്ലം), നിയമസഭാ സാമാജിക മന്ദിരം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കൊല്ലം
ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പൊതുമരാമത്ത് വകുപ്പ്.
ധനകാര്യ (പി.യു.-എ.) വകുപ്പ്(**3140753/PU-A2/53/2025-Fin dated 23.06.2025**).
ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം.
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,
Signed by
Biju N
സെക്ഷൻ ഓഫീസർ.
Date: 14-07-2025 14:43:08

പകർപ്പ്:- ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.